# ഗവൺമെൻ്റ് യു.പി സ്കൂൾ കുണ്ടൂർ

## സമഗ്ര വിദ്യാലയ വികസനരേഖ

### അക്കാദമികം

### ഭൗതികം സാമൂഹികം

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ
   ചരിത്രം
4. നിലവിലെ അവസ്ഥാവിശകലനം
5. മികവിനായി ഏറ്റെടുക്കേണ്ട
   പ്രവർത്തനങ്ങൾ
6. പദ്ധതി വിശദാംശങ്ങൾ
   മേഖല, ഉപമേഖല, ലക്ഷ്യം,
   പ്രവർത്തനങ്ങൾ കാലം,ചുമതല,
   സാമ്പത്തിക വിശകലനം,
7. മോണിറ്ററിംഗ്
8. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : ഗവ.യു.പി.സ്കൂൾ, കുണ്ടൂർ |
| വിലാസം | : പി.ഒ കുണ്ടൂർ<br>മാള, തൃശൂർ - 680734 |
| ഫോൺ | : 0480-2779735 |
| 2. സ്കൂൾ കോഡ് | : 23552 |
| 3. വിദ്യാഭ്യാസ ഉപജില്ല. | : മാള |
| 4. വിദ്യാഭ്യാസ ജില്ല | : ഇരിങ്ങാലക്കുട |
| 5. റവന്യൂ ജില്ല. | : തൃശൂർ |
| 6. ബി.ആർ.സി | : മാള |
| 7. സി.ആർ.സി. | : കുഴൂർ |
| 8. ഗ്രാമപഞ്ചായത്ത് | : കുഴൂർ (10ാം വാർഡ്) |
| 9. ബ്ലോക്ക് പഞ്ചായത്ത് | : മാള |
| 10. ജില്ലാ പഞ്ചായത്ത് | : തൃശൂർ |
| 11. നിയമസഭാമണ്ഡലം | : കൊടുങ്ങല്ലൂർ |
| 12 ലോക്സഭാമണ്ഡലം | : ചാലക്കുടി |
| 13. താലൂക്ക് | : ചാലക്കുടി |
| 14. വില്ലേജ് | : തിരുമുക്കുളം |
| 15. ഇ-മെയിൽ | : gupskundoor@yahoo.in |

## ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ അധ്യയന വർഷത്തിലേക്കുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ ആസൂത്രണം കുണ്ടൂർ ഗവൺമെന്റ് യു പി സ്കൂളിൽ നടത്തുകയുണ്ടായി. കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങൾക്കാണ് ഈ വിദ്യാലയം ഊന്നൽ നൽകിയിരിക്കുന്നത്.

തൃശ്ശൂർ ജില്ലയുടെ തെക്കേ അറ്റത്തായി സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം അക്കാദമിക രംഗത്തും കലാരംഗത്തും, കായികരംഗത്തും മികവു വർധിപ്പിക്കാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. എല്ലാ കുട്ടികളെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. സ്കൂൾ ക്യാമ്പസ് ജൈവ സമ്പന്നതയിൽ അലങ്കൃതമായി ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നു. അക്കാദമിക മാസ്റ്റർ പ്ലാനിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കാം.

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ മികച്ചതും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക
3. നഴ്സറി മുതൽ 7-ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കും, സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്കും അനുസൃതമായി ഭാഷാ ശേഷികൾ ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
4. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# ചരിത്രം

ചാലക്കുടി പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന കുണ്ടൂർ ഗവൺമെന്റ് യു.പി സ്കൂൾ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക പുരോഗതിയിൽ ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പ്രകൃതിഭംഗിയാൽ അനുഗ്രഹീതമായ പച്ചപ്പുതച്ച പാടങ്ങൾ തിലകക്കുറിയായ ഈ ഗ്രാമം ഏറെ മനോഹരമാണ്. 20-ാം നൂറ്റാണ്ടിൽ കുണ്ടൂരിലെ പുരാതനമായ "കരിങ്ങാമ്പിള്ളി സ്വരൂപം" മനയുടെ കൈവശമുണ്ടായിരുന്ന ഈ ഭൂമി ഒരു പാഠശാല തുടങ്ങുന്നതിനായി അന്നത്തെ ജന്മിമാർ ദാനം ചെയ്തതാണ്.

കേവലം 38 കുട്ടികളുമായി തുടങ്ങിയ ഈ വിദ്യാലയം ഒരു ഓല ഷെഡ്ഡിലാണ് പ്രവർത്തിച്ചിരുന്നത്. 1925ൽ എൽ.പി സ്കൂൾ ആയി തുടങ്ങിയ സ്കൂൾ പിന്നീട് യു.പി സ്കൂൾ ആയി ഉയർത്തി. പിന്നീട് കുണ്ടൂർ ഗ്രാമത്തിൽ നിന്ന് തന്നെ നിരവധി അധ്യാപകർ ഇവിടെ പ്രവർത്തിച്ചിട്ടുണ്ട്.

തൊണ്ണൂറ്റി പിന്നിട്ട ഈ വിദ്യാലയം കേരള ചരിത്രത്തിൽ തന്നെ സ്വന്തമായി ഇടം നേടിയിട്ടുണ്ട്. പ്രശസ്തമായ കുണ്ടൂർ അതിരാത്രം നടന്ന യാഗവേദി സ്കൂളിന് സമീപം തന്നെയാണ്. അനേകം കവികൾ, അധ്യാപകർ, വിദ്യാഭ്യാസ ചിന്തകർ, കായികതാരങ്ങൾ, ഡോക്ടർമാർ, വക്കീലന്മാർ

എന്നിങ്ങനെ ജീവിതത്തിന്റെ നാനാതുറകളിലും പ്രശസ്തരായ ഒട്ടനേകം പേർക്ക് ജന്മം നൽകിയ ചരിത്രമാണ് ഈ വിദ്യാലയത്തിനുള്ളത്. പൂർവ്വ വിദ്യാർത്ഥികളിൽ പലരും ഇപ്പോഴും വിദ്യാലയ പ്രവർത്തനങ്ങളിൽ സജീവമാണ്.

## ആശയങ്ങൾ

നിലവിലെ അവസ്ഥാ വിശകലനം.

ഗവൺമെന്റ് യു.പി.സ്കൂൾ കുഞ്ഞൂർ ഈസ്റ്റ്.

തൃശ്ശൂർ ജില്ലയിൽ ആളൂർ ഗ്രാമപഞ്ചായത്തിൽ ഉള്ള അക്കാദമിക നിലവാരത്തിൽ മുന്നിൽ നിൽക്കുന്ന ഒരു യു.പി. സ്കൂളാണ് കുഞ്ഞൂർ സ്കൂൾ. പാഠ്യേതര രംഗത്തും ഏറെ മികവ് പുലർത്തുന്ന സ്കൂൾ പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്.

പ്രീ പ്രൈമറി മുതൽ 7 ാം ക്ലാസ് വരെ 93 വിദ്യാർത്ഥികളും 8 അധ്യാപകരും, 2 അനധ്യാപകരും ഈ വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്നു. വൃക്ഷലതാദികളാൽ ഹരിതാഭ നിറഞ്ഞ ഈ വിദ്യാലയം ആരെയും ആകർഷിക്കുന്നതാണ്. മികവാർന്ന ഒരു ജൈവ വൈവിധ്യ ഉദ്യാനവും ഈ വിദ്യാലയത്തിലുണ്ട്. മികച്ച ഹരിതവിദ്യാലയത്തിനുള്ള പുരസ്കാരവും ഈ വിദ്യാലയത്തിന് ലഭിച്ചിട്ടുണ്ട്. പഠന വിഷയ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് പ്രവർത്തിച്ചു വരുന്ന ഒരു ലഹരി വിമുക്ത വിദ്യാലയമാണിത്.

ഭൗതികം - നേട്ടങ്ങൾ

നിലവിൽ അടച്ചുറപ്പുള്ള ക്ലാസ്മുറികളും, വൃത്തിയുള്ള ഭോജനശാലയും, ആധുനിക രീതിയിലുള്ള ശുചിമുറികളും വൈദ്യുതീകരിച്ച ക്ലാസ്മുറികളും ഉണ്ട്. കുട്ടികൾക്ക് വായനക്ക്

ആവശ്യമായ ലൈബ്രറി സൗകര്യം പ്രത്യേകമായിത്തന്നെ ഒരുക്കിയിട്ടുണ്ട്. വിദ്യാലയത്തെ ഹരിതാഭമാക്കുന്നതിനായി ജൈവ വൈവിധ്യ ഉദ്യാനവും, മഴവെള്ളം ശേഖരിക്കുന്നതിനായി മഴവെള്ള സംഭരണിയും, വൈദ്യുതി ഉപയോഗത്തിനായി സോളാർ പാനലും, ഈ വിദ്യാലയത്തിൽ സജ്ജമാക്കിയിട്ടുണ്ട്. സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി പ്രീ പ്രൈമറി കുട്ടികൾക്കായി വർണ്ണക്കൂടാരം സജ്ജമാക്കിയിട്ടുണ്ട്.

## ഭൗതികം - നേട്ടങ്ങൾ

നിലവിൽ അടച്ചുറപ്പുള്ള ക്ലാസ് മുറികളും വൃത്തിയുള്ള ഭോജനശാലയും ആധുനിക രീതിയിലുള്ള ശുചിമുറികളും വൈദ്യുതീകരിച്ച ക്ലാസ് മുറികളും ഉണ്ട് കുട്ടികൾക്ക് വായനയ്ക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായിത്തന്നെ ഒരുക്കിയിട്ടുണ്ട്. വിദ്യാലയത്തെ ഹരിതാഭമാക്കുന്നതിനായി ജൈവ വൈവിധ്യ ഉദ്യാനവും മഴവെള്ളം ശേഖരിക്കുന്നതിനായി മഴവെള്ള സംഭരണിയും, വൈദ്യുതി ഉപയോഗത്തിനായി സോളാർ പാനലും ഈ വിദ്യാലയത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി പ്രീപ്രൈമറി കുട്ടികൾക്കായി വർണ്ണക്കൂടാരം സജ്ജമാക്കിയിട്ടുണ്ട്

## പരിമിതികൾ

വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും സ്കൂളിനു ചുറ്റുമതിലില്ലാത്തതിനാൽ ഉപയോഗശൂന്യമായി കിടക്കുകയാണ്. കലാപരിപാടികളും മറ്റ് പ്രവർത്തനങ്ങൾക്കുമായി ഒരു ഓഡിറ്റോറിയത്തിന്റെ ആവശ്യകതയുണ്ട്. കൂടാതെ ഹൈടെക് നിലവാരമുള്ള ക്ലാസ് മുറികളുടെ ആവശ്യകത.

## അക്കാദമിക നേട്ടങ്ങൾ

സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയിലെ ഉയർന്ന റാങ്കുകൾ, ആക്കൂർ ശോമ പദ്ധതിയുടെ വിജ്ഞാനോത്സവ പരീക്ഷയിൽ മികച്ച പ്രകടനം. ആക്കൂർ ശോമ പദ്ധതിയൊത്ത് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മികച്ച റിപ്പോർട്ട് അവതരണം. L.SS പരീക്ഷയിൽ ഉയർന്ന വിജയം

## പരിമിതികൾ

വിവിധ മത്സര പരീക്ഷയിൽ കുട്ടികളുടെ മികവ് ഇനിയും വർധിക്കേണ്ടതുണ്ട്. ക്ലാസ്സ് മുറികൾ, ലൈബ്രറികൾ, ലാബുകൾ എന്നിവ ആധുനിക വൽക്കരിക്കണം. ശാസ്ത്ര ലാബിലേക്കുള്ള ഉപകരണങ്ങൾ വിപുലപ്പെടുത്തേണ്ടതുണ്ട്. വിഷയാധ്യാപകരുടെയും, കലാ-കായിക പ്രവൃത്തി പരിചയ അധ്യാപകരുടെയും സേവനം ലഭ്യമാകുന്നില്ല.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | കളിസ്ഥലം | പി.ടി.എ. ശാക്തീകരണം. |
| ഗണിതശേഷി വികസനം | കമ്പ്യൂട്ടർ റൂം | വിദ്യാലയ വികസന സമിതി |
| ഇംഗ്ലീഷ് പഠനം പരിപോഷണം | മാലിന്യസംസ്കരണം | പൂർവ വിദ്യാർത്ഥി സംഘടന |
| ശാസ്ത്രപോഷണ പരിപാടി | ജൻമദിന പുസ്തകം | ക്ലാസ് പി.ടി.എ. മാതൃകാപരമാക്കൽ |
| സ്കോളർഷിപ്പ് പരിശീലനം | ജൻമദിന ചെടി | ഭവനസന്ദർശനം |
| സ്കൂൾ പത്രം | പെയിന്റ് [illegible] | |
| വായനാ പരിപോഷണം | | |
| ലൈബ്രറി ശാക്തീകരണം | | |
| ലബോറട്ടറി ശാക്തീകരണം | | |
| പഠനയാത്ര | | |
| കലാകായികമേള | | |
| IT പരിശീലനം | | |
| അധ്യാപക ശാക്തീകരണം | | |
| CPTA സജീവമാക്കൽ | | |
| പ്രവൃത്തി പരിചയ പഠനം | | |
| ശാസ്ത്രാഭിരുചി വളർത്തൽ | | |
| പച്ചക്കറി തോട്ടം. | | |
| മെഡിക്കൽ പരിശോധന | | |
| പോഷകാഹാര പരിപാടി | | |
| ഗണിത ലാബ് | | |
| ഭാഷാ ലാബ് | | |
| ബാലസഭ | | |
| ടേം മൂല്യനിർണയം | | |

മേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം | 1) അക്ഷരം ഉറപ്പിക്കൽ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3) പദ നിർമ്മാണം<br>4) വാക്യ നിർമ്മാണം<br>5) ഭാഷാ പരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് | അക്കാദമിക വർഷം | മലയാളം ടീച്ചർ | |
| 2) എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | * ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>* ക്ലാസ് ലൈബ്രറി സജീകരിക്കൽ<br>* ക്ലാസ് നിലവാരത്തിന് അനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>* വായനോത്സവം<br>* പത്ര വായന | 6- മാസം 1 വർഷം<br>ആവശ്യാനുസരിച്ച് | വിദ്യാരംഗം ടീച്ചർ<br>മലയാളം ടീച്ചർ | |

മേഖല മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| * പത്രവായന പരിപോഷിപ്പിക്കുക | * പരമാവധി പത്രങ്ങൾ ലഭ്യമാക്കൽ<br>* ഓരോ ക്ലാസിനും ഓരോ പത്രം<br>* രാവിലെ പ്രധാന വാർത്തകളുടെ അവതരണം<br>* പത്രക്വിസ് | അക്കാദമിക വർഷം | വിദ്യാരംഗം ഇൻ ചാർജ് | PTA<br>HM<br>CPTA |
| * സർഗശേഷി വികസനം | * വായനാനുഭവം പങ്കുവെക്കൽ<br>* സാഹിത്യക്വിസ് രചനാശില്പശാല (കഥ, കവിത)<br>* കവിതാലാപന മത്സരം<br>* ക്ലാസ്തല, സ്കൂൾതല പത്ര പ്രസിദ്ധീകരിക്കൽ<br>* അമ്മമാർക്കൊരു പുസ്തകം (വീട്ടുകാരിലേക്ക് കുട്ടികൾ വഴി) | വർഷത്തിൽ 1 തവണ.<br><br>ആഴ്ചയിൽ ഒരിക്കൽ | "<br>മലയാളം ടീച്ചർ | |

മേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനങ്ങളുമായി സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | എസ്.ആർ.ജി. | |

മേഖല - പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| പഠനയാത്രകളിലൂടെ ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ, പാർക്കുകൾ, കോട്ടകൾ, കലാകേന്ദ്രങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവയെകുറിച്ച് കൂടുതൽ മനസിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, പാർക്കുകൾ, മ്യൂസിയങ്ങൾ, പൊതുസ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒരു തവണ | എസ്.ആർ.ജി. |

## മേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ ലഭ്യമാക്കൽ | - എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകൾക്ക് കുട്ടികളെ ഒരുക്കൽ<br>- ചോദ്യബാങ്ക് തയ്യാറാക്കൽ<br>- രക്ഷിതാക്കളുടെ സഹകരണത്തോടെ അവധിദിവസങ്ങൾ ക്ലാസുകൾ നടത്തുന്നു. | ആഗസ്റ്റ് മുതൽ മാർച്ച് വരെ | ഓരോ ക്ലാസിലെയും അധ്യാപകർ. | |

## മേഖല - ക്ലാസ് പി.ടി.എ. ശക്തിപ്പെടുത്തൽ.

| | | | | |
|---|---|---|---|---|
| ക്ലാസ് പി.ടി.എ. ശക്തിപ്പെടുത്തി രക്ഷിതാക്കൾക്ക് കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയുവാനും അവരെ മുന്നിലെത്തിക്കാനുള്ള സഹകരണം ഉറപ്പാക്കുന്നു | - ഓരോ മാസവും ക്ലാസ് പി.ടി.എ. നടത്തൽ<br>- കുട്ടികളുടെ പഠനത്തെളിവുകളുടെ അവതരണം<br>- എത്താതെ പോയ പഠനനേട്ടം തിരിച്ചറിഞ്ഞ് പ്രവർത്തനം നൽകുന്നു. | എല്ലാ മാസവും | ക്ലാസ് ടീച്ചർ, എസ്.ആർ.ജി. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1. പ്രകൃതിയെ അറിയുന്നതിനും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുന്നതിനും | • പച്ചക്കറിത്തോട്ട നിർമ്മാണവും, പരിപാലനവും, ഔഷധത്തോട്ട നിർമ്മാണം, ഔഷധ സസ്യ പ്രദർശനം.<br>• സ്കൂൾ പരിസരത്തുള്ള സസ്യങ്ങളുടെ ശാസ്ത്രീയനാമങ്ങൾ തിരിച്ചറിഞ്ഞ് ലിസ്റ്റ് ചെയ്യുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| | പഠനയാത്ര<br>വിദ്യാലയ പരിസരത്തുള്ള ആവാസവ്യവസ്ഥകളെ തിരിച്ചറിയുന്നതിനും, ജൈവവൈവിധ്യ പ്രാധാന്യമുള്ള കാവുകൾ, കണ്ടൽച്ചെടികൾ എന്നിവയെ കുറിച്ച് മനസ്സിലാക്കുന്നതിനുമായി ഒരു പഠനയാത്ര സംഘടിപ്പിക്കൽ | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബ്/ സയൻസ് അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 2 കുട്ടികളിൽ ശാസ്ത്ര ഭിരുചി വളർത്തൽ, വിവിധ പ്രക്രിയാ ശേഷികൾ ആർജിക്കുന്നതിന് | • ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ അവതരണം<br>• പരീക്ഷണക്കളരി<br>• കുട്ടികൾക്ക് പരീക്ഷണങ്ങൾ ചെയ്യുന്നതിനും പ്രദർശിപ്പിക്കുന്നതിനും അവസരം നൽകുന്നു. | മാസത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് |
| | • സ്കൂൾ തല സയൻസ് എക്സിബിഷൻ<br>• ശാസ്ത്ര ചുമർ നിർമ്മാണം.<br>ശാസ്ത്ര കിറ്റ് നിർമ്മാണം<br>പാഴ്വസ്തുക്കളിൽനിന്ന് ശാസ്ത്ര പരീക്ഷണങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്ന വസ്തുക്കൾ ശേഖരിച്ച് കുട്ടികൾ സ്വന്തമായി ശാസ്ത്രകിറ്റ് നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 3. ശാസ്ത്ര മാസിക / ശാസ്ത്രപതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, ചിത്രങ്ങൾ ഉപയോഗിച്ച് ശാസ്ത്രമാസിക / പതിപ്പ് തയ്യാറാക്കൽ | അക്കാദമിക വർഷം | SRG<br>സയൻസ് അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 4. ശാസ്ത്ര പഠനം കല/തൊഴിൽ എന്നിവയുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനം രസകരവും, അനുഭവവേദ്യവുമാക്കൽ [illegible] ജീവിത നൈപുണി വികാസത്തിന് ഉതകുക എന്ന ലക്ഷ്യം സാധിക്കുക | • പഠന ആശയങ്ങൾ ശാസ്ത്രഗാനം, ശാസ്ത്ര നാടകം, പോസ്റ്റർ നിർമ്മാണം എന്നിങ്ങനെ കലാവിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കാൻ അവസരം നൽകുന്നു. ശാസ്ത്ര പാഠഭാഗത്തെ വിവിധ തൊഴിൽ മേഖലകളുമായി ബന്ധപ്പെടുത്തി പരിശീലനം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് / സയൻസ് അധ്യാപകർ PTA |
| 5. പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ- കുട്ടി<br>കുട്ടി- കുട്ടി (peer group)<br>എന്നിങ്ങനെ 2 തലത്തിൽ പരിശീലനം | ആഴ്ചയിൽ 2 ദിവസം | SRG സയൻസ് അധ്യാപകർ |

അക്കാദമിക മാസ്റ്റർ പ്ലാൻ - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. |
|---|---|---|---|
| എല്ലാ കുട്ടികളും ഇംഗ്ലീഷ് ഭാഷ നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം. | ഇംഗ്ലീഷിൽ നന്നായി ക്ലാസ് കൈകാര്യം ചെയ്യൽ<br>ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ<br>ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ. | അക്കാദമിക വർഷം | ഇംഗ്ലീഷ് ക്ലാസ് അധ്യാപിക ഇംഗ്ലീഷ് ക്ലബ്ബ് രക്ഷാധികാരി. |
| ജൂലൈയിൽ ആദ്യവാരം ഇംഗ്ലീഷ് അസംബ്ലി- മാറിമാറി ഓരോ ക്ലാസിനും ചുമതല നൽകി സംഘടിപ്പിക്കൽ | വാർത്ത, speech, Thoughts, ഇവയൊക്കെ സംഘടിപ്പിക്കുന്നു | ജൂലൈയിൽ ആദ്യവാരം. | ക്ലാസ് ടീച്ചർ ഇൻ ചാർജ്. |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | വ്യാകരണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ക്ലാസ് | ജൂലൈയിൽ രണ്ടാംവാരം | ഇംഗ്ലീഷ് അധ്യാപിക. |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ കൂടുതൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ഉൾപ്പെടുത്തി വായനക്ക് അവസരം നൽകുന്നു. | ജൂലൈയിൽ ആദ്യവാരം | ഇംഗ്ലീഷ് അധ്യാപിക. |

## അക്കാദമിക മാസ്റ്റർ പ്ലാൻ - സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധ്യാപകർക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ മാപ്പുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറിയിൽ പ്രദർശിപ്പിക്കൽ<br>പൊതുവിജ്ഞാനക്കുറി<br>പത്രവായന പ്രോത്സാഹനം-മെച്ചപ്പെടുത്തൽ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 2. ജനാധിപത്യ പരമായ ചിന്ത സമീപനം രൂപപ്പെടുത്തൽ | വിദ്യാലയത്തിൽ നിന്ന് ആരംഭത്തോടെ ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷം | എസ് ആർ ജി |
| 3. സാമൂഹ്യശാസ്ത്ര -നൂതന അറിവുകൾ കണ്ടെത്തൽ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S കോർണറിൽ വിവരങ്ങൾ ശേഖരിച്ച് ഒട്ടിക്കൽ | | സാമൂഹ്യശാസ്ത്ര അധ്യാപകർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിത ആശയങ്ങൾ ഉറപ്പിക്കൽ, ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | വർക്ക് ഷീറ്റുകൾ, മാതൃകകൾ ഉപയോഗിച്ച് കുട്ടികളിൽ ഗണിത ആശയങ്ങൾ ഉറപ്പിക്കൽ<br>ക്ലാസിലെ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | അധ്യയന വർഷം | ഗണിത ക്ലബ്ബ് ഗണിത അധ്യാപിക |
| രസകരമായ ഗണിത ശാസ്ത്രപഠനവും കര ചലന ശേഷികളുടെ വികാസവും. | ഒറിഗാമി ശില്പശാല വിവിധ ഗണിതരൂപങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള പരിശീലനം നൽകൽ പ്രദർശനം സംഘടിപ്പിക്കൽ | അധ്യയന വർഷം - 1 തവണ | ഗണിത അധ്യാപകർ |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഓരോ ക്ലാസ് മുറിയിലും ഗണിതലാബ് സജ്ജമാക്കൽ, ക്ലാസ് നടത്തൽ | അധ്യയനവർഷം | ഗണിത ക്ലബ്ബ് അംഗങ്ങൾ, അധ്യാപകർ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ഭിന്ന രൂപങ്ങൾ തുടങ്ങിയ ഗണിതാശയങ്ങൾ IT സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി കുട്ടികൾക്ക് നൽകുന്നു. | എല്ലാ മാസവും | ഗണിത അധ്യാപകർ |

മേഖല : യു. പി. ഹിന്ദി 2025 - 2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. 5, 6, 7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ:- ഹിന്ദി 5-ാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചു ചെയ്യിക്കുക. | പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലിയതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കിക്കൊണ്ട് പഠിപ്പിക്കുക. ചിത്രങ്ങൾ അക്ഷരമാല ചാർട്ട് എന്നിവ ക്ലാസിൽ പ്രദർശിപ്പിക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ഹിന്ദി വായന. തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം നടത്തും. | നിരന്തരം പുസ്തകങ്ങൾ വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കാം. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| 3) ഹിന്ദി സംസാരം :- ഹിന്ദിയിൽ സംസാരിക്കുവാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കും. നിത്യ ജീവിതത്തിൽ ആവശ്യം വരുന്ന കാര്യങ്ങൾ ഹിന്ദിയിൽ സംസാരിക്കാം. | ഹിന്ദി മാത്രം ഭിക്കവാനും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. വായനാ മത്സരങ്ങൾ നടത്തും. തെറ്റാതെ ആവർത്തിക്കാതെ വായിക്കുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി വായനയെ പ്രോത്സാഹിപ്പിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപിക. | |

മേഖല: കായിക വിദ്യാഭ്യാസം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|---|
| 1 | കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപരമുള്ള മേഖലകളിൽ പരിശീലനം നൽകി കുട്ടികളെ മികവിലേക്കെത്തിക്കൽ<br>1 കരാട്ടെ പരിശീലനം | ജൂൺ | കായികാധ്യാപകൻ | |

മേഖല: പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ | 1 വർഷത്തിൽ 1 മാസം | SRG | |

## പ്രതീക്ഷിത നേട്ടങ്ങൾ

ശിശുസൗഹൃദപരമായ അന്തരീക്ഷം ഒരുക്കുന്നു. സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു. വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിപ്പിക്കുന്നു. വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

## മോണിട്ടറിംഗ് രീതി

ഉദ്യോഗതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം ശക്തമാക്കുന്നു.

സോഷ്യൽ മോണിട്ടറിംഗ് രീതി (P.T.A, M.P.T.A, S.S.G, S.R.G, D.S.A) എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കണം

## ദൈനംദിന മോണിട്ടറിംഗ്

H.M, Principal, S.R.G കൺവീനർ, P.T.A, President എന്നിവരുടെ നേതൃത്വത്തിൽ നടത്താം

## ഉപസംഹാരം

കുണ്ടൂർ ഗവ. യു. പി. സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.